# GOVERNMENT OF KERALA

## Abstract

Home Department – Judiciary - Extension of 56 Fast Track Special Courts for further 3 years from 01.04.2023 to 31.03.2026 -Sanctioned-Orders issued.

## HOME (C) DEPARTMENT

G.O.(Ms)No.143/2023/HOME Dated,Thiruvananthapuram, 08-06-2023

Read: 1 The Hon'ble Supreme Court Order dated 16.12.2019 in Suo Motu Writ Petition(Crl.)No.1/2019

2 G.O.(Ms.)No.93/2020/Home dated 24.04.2020

3 G.O.(Ms.)No.125/2020/Home Dated 12/06/2020

4 G.O.(Ms.)No.20/2022/Home Dated 04/02/2022

5 G.O.(Ms.)No.157/2022/Home Dated 30/07/2022

6 G.O.(Ms.)No.263/2022/Home Dated 16/12/2022

7 Letter No.15011/05/2023-Jus-II/7769 dated 29.03.2023 from the Ministry of Law and Justice, Government of India.

## ORDER

According to the Government of India Scheme for setting up of Fast Track Special Courts (FTSCs) for expeditious trial and disposal of cases of Rape and cases under POCSO Act, 56 FTSCs including 14 e-POCSO courts are earmarked for the State of Kerala. As per the Supreme Court direction read as above the Government, in consultation with High Court of Kerala have accorded sanction for the establishment of 56 Fast Track Special Courts in the State as per Government Orders read as 2nd and 4th paper above.

2) Initially the scheme spread over two financial years from 2019-20 to 2020-21. Government have sanctioned the extension of these FTSCs upto 31.03.2023 as per Government Order read as 6th paper above. As per the letter read above, the Government of India has approved the continuation of the Centrally Sponsored Scheme of FTSCs for expeditious trial of cases of rape and POCSO Act for further 3 years that is up to 31.03.2026.

3) Government have examined the matter in detail and are pleased to accord sanction for the extension of the tenure of the 56 Fast Track Special Courts sanctioned as 2nd and 4th paper above for a further period up to 31.03.2026 with effect from 01.04.2023.The tenure of the posts of Special Public Prosecutor created on temporary basis in these FTSCs is also extended up to 31.03.2026 w.e.f 01/04/2023.

(By order of the Governor)
DR VENU V I A S
ADDITIONAL CHIEF SECRETARY

To

The Registrar (District Judiciary), High Court, Ernakulam (with C/L)

The Advocate General , Ernakulam

The Director General of Prosecution (Admn), Ernakulam

State Police Chief, Thiruvananthapuram

All District Collectors

The Principal Accountant General(A&E/Audit)Kerala, Thiruvananthapuram.

Finance Department (Vide E.No.2414262/EXP-D2/125/23-FIN dated 18.05.2023)

Law (Monitoring Cell) Department

Home (L) Department

Home (S) Department

General Administration (SC) Department (Vide Item No.1566 dated 06/06/2023)

Web & New Media, I&PRD (for uploading in the Govt. website)

Stock File / Office Copy.

Copy to : PS to Hon'ble CM

Forwarded /By order

Signed by
Usha P Y
Date: 08-06-2023 12:49:17

Section Officer

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 06-06-2023

ഫയൽ നം. സി1/80/2023/ആഭ്യന്തരം. ഇനം നം: 1566

വിഷയം : ആഭ്യന്തര വകുപ്പ് - ജുഡീഷ്യറി - സംസ്ഥാനത്ത് അനുവദിച്ച 56 അതിവേഗ പ്രത്യേക കോടതികളുടെ കാലാവധി 31.03.2026 വരെ ദീർഘിപ്പിച്ചു നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

Sd/-

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

SO(S)
Pl issue G.O
on today itself
7/6/23

SO(C)
Pl put up draft G.O
7/6/23

Office of the Addl. Chief Secretary, Home & Vigilance Dept. Govt. of Kerala

1566

**കേരള സർക്കാർ**

**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | സി/80/2023/ആഭ്യന്തരം |
| 2. | വകുപ്പ് | : | ആഭ്യന്തര (സി) വകുപ്പ് |
| 3. | വിഷയം | : | ആഭ്യന്തര വകുപ്പ് -ജുഡീഷ്യറി - സംസ്ഥാനത്ത് അനുവദിച്ച 56 അതിവേഗ പ്രത്യേക കോടതികളുടെ കാലാവധി 31.03.2026 വരെ ദീർഘിപ്പിച്ച് നൽകുന്നത് –സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 29/05/2023 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | | ഉണ്ട് |
| 6. | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ബീന പി.എസ്. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വേണു വി. |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 01.06.2023 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി.പി ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 01.06.2023 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി. | : | 03.06.2023 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 05.06.2023 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി. | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

സംസ്ഥാനത്ത് അനുവദിച്ചിട്ടുള്ള 56 അതിവേഗ പ്രത്യേക കോടതികളുടെ കാലാവധി 01.04.2023 മുതൽ പ്രാബല്യത്തിൽ വരുന്ന രീതിയിൽ മൂന്ന് വർഷത്തേക്ക് കൂടി (31.03.2026 വരെ) ദീർഘിപ്പിച്ച് നൽകുന്നത് സംബന്ധിച്ച വിഷയമാണ് ഈ കുറിപ്പ് കൈകാര്യം ചെയ്യുന്നത്.

2) റേപ് കേസുകളും പോക്സോ നിയമ പ്രകാരമുള്ള കേസുകളും വേഗത്തിൽ വിചാരണ ചെയ്യുന്നതിനും തീർപ്പാക്കുന്നതിനുമായി അതിവേഗ പ്രത്യേക കോടതികൾ സ്ഥാപിക്കുന്നതിനുള്ള കേന്ദ്ര സർക്കാർ പദ്ധതി അനുസരിച്ച്, 14 e-POCSO കോടതികൾ ഉൾപ്പെടെ 56 അതിവേഗ പ്രത്യേക കോടതികൾ കേരളത്തിന് അനുവദിച്ചിരുന്നു. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ Suo moto Writ Petition(Crl)No.1/2019-ന്റെ 16.12.2019-ലെ ഉത്തരവ് പ്രകാരം, ഹൈക്കോടതി ചീഫ് ജസ്റ്റിസുമായി കൂടിയാലോചിച്ച് ആവശ്യമായ സപ്പോർട്ടിംഗ് സ്റ്റാഫിനൊപ്പം അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കിക്കൊണ്ട് 31.01.2020-നോ അതിനുമുമ്പോ ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതികൾ സ്ഥാപിക്കുന്നതിനും പ്രവർത്തനം ആരംഭിക്കുന്നതിനും നിർദ്ദേശം ലഭിച്ചിരുന്നു.

3) സുപ്രീം കോടതി നിർദ്ദേശപ്രകാരം, ഹൈക്കോടതിയുമായി കൂടിയാലോചിച്ച് 24.04.2020-ലെ സ.ഉ.(കൈ)നം.93/2020/ആഭ്യന്തരം, 12.06.2020-ലെ സ.ഉ.(കൈ)നം. 125/2020/ആഭ്യന്തരം എന്നിവ പ്രകാരം ആദ്യ ഘട്ടമായി 28 അതിവേഗ പ്രത്യേക കോടതികളും, 04.02.2022 ലെ സ.ഉ.(കൈ)നം.20/2022/ആഭ്യന്തരം പ്രകാരം രണ്ടാം ഘട്ടമായി ശേഷിയ്ക്കുന്ന 28 കോടതികളും അനുവദിച്ചിരുന്നു. പ്രസ്തുത കോടതികളിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ തസ്തികയും അനുവദിച്ചിരുന്നു.

4) തുടക്കത്തിൽ 31.03.2021-ന് അവസാനിക്കുന്ന രണ്ട് സാമ്പത്തിക വർഷങ്ങളിലേക്കാണ് (2019-2020, 2020-21) പദ്ധതിയെങ്കിലും, പ്രസ്തുത പദ്ധതി 01.04.2021 മുതൽ 31.03.2023 വരെയുള്ള രണ്ട് വർഷത്തേക്ക് കൂടി തുടരുന്നതിന് അംഗീകാരം നൽകിയതായി ഇന്ത്യാ ഗവൺമെന്റിൽ നിന്നുമുള്ള കത്തിൽ അറിയിച്ചിരുന്നു. അതേത്തുടർന്ന്, 16/12/2022 ലെ സ.ഉ.(കൈ)നം.263/2023/ആഭ്യന്തരം പ്രകാരം സംസ്ഥാനത്ത് ആദ്യഘട്ടമായി 24.04.2020 ലെ ഉത്തരവ് പ്രകാരം രണ്ട് വർഷത്തേക്ക് അനുവദിച്ച 28 അതിവേഗ പ്രത്യേക കോടതികളുടെ കാലാവധി 31.03.2022-ൽ അവസാനിച്ചതിനാൽ പ്രസ്തുത കോടതികളുടെ കാലാവധി 01.04.2022 മുതൽ 31.03.2023 വരെയും, 04.02.2022 ലെ ഉത്തരവ് പ്രകാരം അനുവദിച്ച 28 അതിവേഗ പ്രത്യേക കോടതികളുടെ കാലാവധി 31.03.2023 വരെയും ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

5) സംസ്ഥാനത്ത് അനുവദിച്ച 56 അതിവേഗ പ്രത്യേക കോടതികളുടെ കാലാവധി 31.03.2023 മുതൽ വീണ്ടും ദീർഘിപ്പിച്ച് നൽകുന്നതിനായുള്ള നടപടികൾ സ്വീകരിക്കാൻ കേന്ദ്ര സർക്കാരിനോട് 21/03/2023 ലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു. കേന്ദ്ര സർക്കാർ പ്രസ്തുത കോടതികളുടെ കാലാവധി 31.03.2026 വരെ (3 വർഷത്തേയ്ക്ക്) ദീർഘിപ്പിച്ച് നൽകിയതായി 30.03.2023 ലെ കത്ത് പ്രകാരം ഹൈക്കോടതി രജിസ്ട്രാർ അറിയിച്ചിരുന്നു.

6) ഫയൽ അഭിപ്രായത്തിനായി ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചപ്പോൾ, ആ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി;

*"അതിവേഗ പ്രത്യേക കോടതികളുടെ കാലാവധി കേന്ദ്ര ഗവൺമെന്റ് 3 വർഷത്തേയ്ക്ക് (31.03.2026 വരെ) കൂടി ദീർഘിപ്പിച്ച സാഹചര്യത്തിൽ, പ്രസ്തുത പദ്ധതിയുടെ ഭാഗമായി*

*സംസ്ഥാനത്ത് അനുവദിച്ചിട്ടുള്ള 56 അതിവേഗ പ്രത്യേക കോടതികളുടെ കാലാവധി 01.04.2023 മുതൽ 31.03.2026 വരെ ദീർഘിപ്പിച്ചു നല്കുന്നതിന് അനുമതി നല്കാവുന്നതാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു.*

*ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."*

7) ധനകാര്യ വകുപ്പിന്റെ അഭിപ്രായ സഹിതം ഫയൽ ചംക്രമണം ചെയ്തപ്പോൾ ബഹു.മുഖ്യമന്ത്രി ചുവടെ ചേർക്കും പ്രകാരം ഉത്തരവിട്ടു;

*"പ്രസ്തുത കോടതികളിലെ SPP മാരുടെ പോസ്റ്റുകൾ കൂടി ഉൾപെടുത്തി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുക"*

8) 24.04.2020 ലെ സ.ഉ.(കൈ)നം.93/2020/ആഭ്യന്തരം പ്രകാരം ആദ്യഘട്ടമായി സംസ്ഥാനത്ത് 28 അതിവേഗ പ്രത്യേക കോടതികൾ അനുവദിയ്ക്കുകയും,പ്രസ്തുത കോടതികളിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ തസ്തിക സൃഷ്ടിയ്ക്കുകയും ചെയ്തിട്ടുണ്ട്. 30.07.2022 ലെ സ.ഉ.(കൈ)നം.157/2022/ആഭ്യന്തരം പ്രകാരം സംസ്ഥാനത്ത് രണ്ടാം ഘട്ടമായി അനുവദിച്ച 28 അതിവേഗ പ്രത്യേക കോടതികളിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. സംസ്ഥാനത്ത് അനുവദിച്ചിട്ടുള്ള 56 അതിവേഗ പ്രത്യേക കോടതികളുടെ കാലാവധി 31.03.2026 വരെ ദീർഘിപ്പിച്ച് നൽകുന്നതിനൊപ്പം, പ്രസ്തുത കോടതികളിലെ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ തസ്തികയുടെ കാലാവധി ദീർഘിപ്പിയ്ക്കുന്ന വിഷയം കൂടി ഉൾപ്പെടുത്തി മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിയ്ക്കാവുന്നതാണ്.

## തീരുമാനിക്കേണ്ട വിഷയം

അതിവേഗ പ്രത്യേക കോടതികളുടെ കാലാവധി കേന്ദ്ര ഗവൺമെന്റ് മൂന്ന് വർഷത്തേക്ക് (31.03.2026 വരെ) കൂടി ദീർഘിപ്പിച്ച സാഹചര്യത്തിൽ;

i) പ്രസ്തുത പദ്ധതിയുടെ ഭാഗമായ സംസ്ഥാനത്തെ 56 അതിവേഗ പ്രത്യേക കോടതികളുടെ കാലാവധി 01.04.2023 മുതൽ പ്രാബല്യത്തിൽ വരുന്ന രീതിയിൽ 31.03.2026 വരെ ദീർഘിപ്പിച്ച് നൽകാമോ?

ii) പ്രസ്തുത അതിവേഗ പ്രത്യേക കോടതികളിൽ താല്ക്കാലികമായി സൃഷ്ടിച്ച സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ തസ്തികയുടെ കാലാവധി 01.04.2023 മുതൽ പ്രാബല്യത്തിൽ 31.03.2026 വരെ ദീർഘിപ്പിച്ച് നൽകാമോ?